54. സേവനപ്രദാനം മെച്ചപ്പെടുത്തുന്നതിനായി ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖലയ്ക്ക് 8.50 കോടി രൂപയും വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന് 300 ലക്ഷം രൂപയും ഭരണനവീകരണ പദ്ധതിയിൻകീഴിൽ വകയിരുത്തിയിട്ടുണ്ട്.

55. സംസ്ഥാനത്തെ ടെക്നിക്കൽ ഹൈസ്കൂളുകളിൽ കമ്പ്യൂട്ടർ വാങ്ങുന്നതിനായി 20 ലക്ഷം രൂപ വകയിരുത്തുന്നു.

ഉന്നത വിദ്യാഭ്യാസം

56. അഖിലേന്ത്യാതലത്തിലുള്ള മത്സര പരീക്ഷകളിൽ നമ്മുടെ പ്രകടനം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് മോശമാണ്. അതുകൊണ്ട് അഖിലേന്ത്യാതലത്തിലുള്ള മത്സര പരീക്ഷകളിലും തുടർന്നുള്ള കായികക്ഷമതാ പരീക്ഷകളിലും കൂടിക്കാഴ്ചകളിലും മെച്ചപ്പെട്ട പ്രകടനം കാഴ്ചവയ്ക്കുന്നതിന് യുവജനങ്ങളെ സജ്ജരാക്കുന്നതിനായി അഖിലേന്ത്യാ നിലവാരത്തിലുള്ള ഒരു പരിശീലനസ്ഥാപനം സംസ്ഥാനത്തിന് ആവശ്യമാണ്. ഈ ലക്ഷ്യം മുൻനിർത്തി ആധുനിക സൗകര്യങ്ങളോടെയുള്ള ഒരു പരിശീലന കേന്ദ്രം തിരുവനന്തപുരത്ത് തുടങ്ങുന്നതാണ്. ഈ സ്ഥാപനത്തിലേക്കുള്ള പ്രവേശനം മെരിറ്റടിസ്ഥാനത്തിലായിരിക്കും. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും മത്സ്യത്തൊഴിലാളി വിഭാഗത്തിനും പ്രവേശനത്തിൽ സംവരണവും സ്റ്റൈപെന്റും അനുവദിക്കുന്നതാണ്.

57. കേരളത്തിലെ യുവജനങ്ങൾക്ക് സംസ്ഥാനത്തിന് പുറത്തും വിദേശത്തും തൊഴിൽ ലഭിക്കുന്നതിന് സഹായകമാകുന്നതരത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ നൽകുന്നതിന് ഇനിമുതൽ മുൻഗണന നൽകും. ഈ പശ്ചാത്തലത്തിൽ സർക്കാർ കോളേജുകളിലെ കോഴ്സുകൾ പുനഃക്രമീകരിക്കുന്നതാണ്.

58. എഞ്ചിനീയറിംഗ് കോളേജുകളുടെയും മറ്റു സാങ്കേതിക സ്ഥാപനങ്ങളുടെയും വർദ്ധനവ് കണക്കിലെടുത്ത് സംസ്ഥാനത്ത് ഈ വർഷം ഒരു സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ഉന്നതവിദ്യാഭ്യാസത്തിന് ദേശീയതലത്തിലും അന്തർദ്ദേശീയ തലത്തിലും അറിയപ്പെടുന്ന ഒരു കേന്ദ്രമായി കേരളത്തെ മാറ്റുവാൻ വേണ്ട എല്ലാ ക്രമീകരണങ്ങളും ചെയ്യുന്നതാണ്.

എക്സൈസ്

59. എക്സൈസ് വകുപ്പിന്റെ 2002-03-ൽ ആരംഭിച്ച നവീകരണ പരിപാടി 2005-06-ൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിന്റെ ഭാഗമായി ഒരു എക്സൈസ് അക്കാഡമി വിഭാവനം ചെയ്തിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ നവീകരണം പൂർത്തിയാക്കുന്നതിന് ഞാൻ ഈ ബജറ്റിൽ 100 ലക്ഷം രൂപ വകയിരുത്തുന്നു. മദ്യവർജ്ജനത്തിനുവേണ്ടി പ്രവർത്തിക്കുന്ന വിവിധ സംഘടനകളുടെ പ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതും അതിനുവേണ്ട ധനസഹായം ചെയ്യുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly